"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.ദിലീപ് ചന്ദ്രൻ ആർ സമർപ്പിച്ച നിവേദനങ്ങൾ തീർപ്പാക്കിക്കൊണ്ടും - OA 338/2026 ലെ ഉത്തരവ് പാലിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി എ) വകുപ്പ്**

സ.ഉ.(സാധാ) നം.3455/2026/GEDN തീയതി,തിരുവനന്തപുരം, 20-05-2026

---

പരാമർശം:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29/10/2024ലെ ഡി ജി ഇ 20371/2024-വി എ 2 നമ്പർ കത്ത്
2. 17/10/2025-ലെ GE-DA1/184/2024-G.EDN നമ്പർ സർക്കാർ കത്ത്
3. കുറ്റാരോപിതർക്ക് നൽകിയ 12/11/2025 ലെ GE-DA1/184/2024-G.EDN നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. ശ്രീ ദിലീപ് ചന്ദ്രന്റെ 04/03/2026 ലെ അപേക്ഷ
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ OA 338/2026 നമ്പർ കേസിന്മേൽ 10/03/2026 ലെ ഉത്തരവ്
6. ശ്രീ ദിലീപ് ചന്ദ്രൻ സമർപ്പിച്ച ന്യായവാദ പത്രിക
7. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21/04/2026 ലെ DGE/20371/2024- VA2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. ദിലീപ് ചന്ദ്രൻ.ആർ. ഉൾപ്പെടെയുള്ള 18 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്തിരുന്നു.

2) ഈ വിഷയം സർക്കാർ പരിശോധിച്ച് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടുമാരായിരുന്ന ശ്രീമതി. സിൻസി

കുര്യൻ, ശ്രീ.ദിലീപ് ചന്ദ്രൻ ആർ. ശ്രീവിശാഖ് കോണത്ത്, ശ്രീ.രതീഷ് ആർ, ക്ലർ ക്കുമാരായിരുന്ന ശ്രീ. രജി സി.ആർ., ശ്രീമതി ലിസി പി. എന്നിവർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചു എത്രയും പെട്ടെന്ന് സർക്കാരിൽ റിപോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. കൂടാതെ ഈ വിഷയത്തിലെ മറ്റു കുറ്റാരോപിതരിൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫിസറുടെ പിഎ.യായിരുന്ന ശ്രീ. മനോജ് .വി.വി. , ആറ്റിങ്ങൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ.പ്രദീപ്.വി.എസ്, (നിലവിൽ എഇഒ, കിളിമാനൂർ), നൂൺ മീൽ ഓഫീസറായിരുന്ന അരുൺ.വി.എസ്., ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ മെൽബിൻ ജോസഫ്, ശ്രീ. ബിനോജ്.കെ. ക്ലാർക്കുമാരായിരുന്ന ശ്രീമതി.സോണിറ്റ് എൻ., ശ്രീ. രഞ്ജിത്ത് ആർ., ശ്രീ ആനന്ദ് എൻ എന്നീ ഉദ്യോഗസ്ഥർ വളരെ കുറഞ്ഞ കാലയളവ് മാത്രമേ ബന്ധപ്പെട്ട സെക്ഷനിൽ ജോലി ചെയ്തിരുന്നുള്ളൂവെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ടിയാളുകളെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ശേഷിക്കുന്ന കുറ്റാരോപിതരിൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറായി സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി.ബിന്ദു ജെ.ഐ.യ്ക്കെതിരെ കെ.എസ്.ആർ. ഭാഗം III റൂൾ 3 (ബി) പ്രകാരവും സർവീസിൽ തുടരുന്ന ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി ബിന്ദു ആർ(നിലവിൽ QIP DDE), ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പിഎ.മാരായിരുന്ന ശ്രീ.ജോസ് പ്രകാശ് , ശ്രീമതി മഞ്ജുള എംഎസ്. എന്നിവരുടെ ഭാഗത്തുനിന്നും ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വന്നിട്ടുണ്ടെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് സർക്കാർ തലത്തിൽ പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

3) ജൂനിയർ സൂപ്രണ്ടായി ജോയിൻ ചെയ്ത ദിവസം മുതൽ മേലധികാരിയുടെ നിർദ്ദേശാനുസരണം മാത്രം പ്രവർത്തിച്ചിരുന്ന തന്നെ മാത്രം സമാന വിഷയത്തിൽ സ്ഥാനക്കയറ്റ ലിസ്റ്റിൽ ഉൾപ്പെടുത്താതെയും, ഒരു വർഷം കഴിഞ്ഞ് നൽകിയിട്ടുള്ള ചാർജ്ജ് മെമ്മോയ്ക്ക് വിശദമായ പ്രതിവാദ പത്രിക സമർപ്പിച്ച് മൂന്ന് മാസം കഴിഞ്ഞിട്ടും ഫയൽ തീർപ്പാക്കാതെയും, വിവേചനപരമായി പ്രവർത്തിക്കുന്ന നടപടി സത്യസന്ധമായി പ്രവർത്തിക്കുന്ന ഒരു ജീവനക്കാരൻ എന്ന നിലയിൽ സ്വാഭാവിക നീതി നിഷേധമാണെന്നതിനാൽ പ്രതിവാദ പത്രികയിൽ സമർപ്പിച്ചിട്ടുള്ള സത്യസന്ധമായ വസ്തുതകൾ പരിശോധിച്ച് തന്നെ സീനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും സത്യസന്ധമായി ജോലി ചെയ്ത തന്നെ കുറ്റവിമുക്തനാക്കുകയും

ചെയ്യണമെന്ന് ശ്രീ. ദിലീപ് ചന്ദ്രൻ.ആർ. പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു. ടിയാന്റെ മേൽ അപേക്ഷയിന്മേൽ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.

4) ആറ്റിങ്ങൽ ഡി.ഇ.ഒ. ഓഫീസിൽ ജൂനിയർ സൂപ്രണ്ടന്റായി ജോലി ചെയ്തിരുന്ന സമയത്ത് നടത്തിയ അപ്രതീക്ഷിത വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ യഥാർത്ഥ സ്ഥിതിഗതികൾ പരിഗണിക്കാതെയും അടിസ്ഥാനരഹിതമായ ആരോപണങ്ങളെ ആശ്രയിച്ചും യാന്ത്രിക രീതിയിൽ ആരംഭിച്ച അച്ചടക്ക നടപടി, തന്നെ ലക്ഷ്യമിട്ട് പീഡിപ്പിക്കുന്നതും ഉപദ്രവകരവുമാണെന്ന് കാണിച്ചും, ആയത് മൂലം തനിക്ക് അർഹതപ്പെട്ട സീനിയർ സൂപ്രണ്ടന്റ് തസ്തികയിലേക്കുള്ള പ്രമോഷൻ നിഷേധിച്ചതിനും, പ്രസ്തുത പ്രമോഷനുള്ള സെലക്ട് ലിസ്റ്റിൽ തന്റെ പേര് ഉൾപ്പെടുത്താതിരുന്നതിനുമെതിരെ ശ്രീ.ദിലീപ് ചന്ദ്രൻ ആർ. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 338/2026-ന്മേൽ പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5) പ്രസ്തുത ഉത്തരവ് പ്രകാരം അനുബന്ധങ്ങൾ A10 ഉം A11 ഉം (ടിയാന്റെ നിവേദനങ്ങൾ) പരിഗണിച്ച് നേരിൽ കേൾക്കാൻ അവസരം നൽകിയതിനുശേഷം, ഒരു മാസത്തിനുള്ളിൽ ഉത്തരവുകൾ പാസാക്കാൻ ഒന്നാം എതിർ കക്ഷിയായ ആയ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. അതേസമയം, സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം, എന്തെങ്കിലും ഉണ്ടെങ്കിൽ, അത് മേൽ നിവേദനങ്ങളിൽ എടുക്കുന്ന തീരുമാനത്തിന് വിധേയമായിരിക്കുമെന്നും ബഹു. ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

6) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശ്രീ.ദിലീപ് ചന്ദ്രൻ.ആർ.നെ പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി 21/04/2026-ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി.

7) ശ്രീ.ദിലീപ് ചന്ദ്രൻ ആർ.ന്റെ വാദങ്ങൾ

a)2024 എസ് എസ് എൽ സി പരീക്ഷയുടെ സമയത്താണ് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ആഫീസിൽ എ സെക്ഷനിൽ (ഗവ. സ്കൂൾ) ജൂനിയർ സൂപ്രണ്ടായി ജോയിൻ ചെയ്തത്. 2024 മാർച്ച് എസ് എസ് എൽ സി പരീക്ഷയുടെ എല്ലാ ക്രമീകരണവും ചോദ്യപേപ്പർ വിതരണം അടക്കം നടത്തേണ്ടത് എ സെക്ഷൻ സൂപ്രണ്ടിന്റെ മേൽനോട്ടത്തിലാണ്. 80 സ്കൂളുകളിൽ മികച്ച രീതിയിൽ പരീക്ഷ സുഗമമായി നടത്തുവാൻ

കഴിഞ്ഞിരുന്നു. പരീക്ഷ കഴിഞ്ഞു ഏപ്രിൽ 1 മുതൽ മെയ് 30 വരെ അന്നത്തെ ഡി.ഇ.ഒ ആയിരുന്ന ശ്രീമതി. ബിന്ദു. ജി. ഐ കമ്മ്യൂട്ടേറ്റഡ് ലീവിൽ പ്രവേശിച്ചു. ജില്ലാവിദ്യാഭ്യാസ ആഫീസിന്റെ ബാങ്ക് അക്കൗണ്ട് ഡി.ഇ.ഒ യുടെ പേരിലായിരുന്നു. ബാങ്ക് ട്രാൻസാക്ഷൻ ഡി ഇ ഒ ഒപ്പിട്ട ചെക്ക് മുഖേനയായിരുന്നു നടത്തിയിരുന്നത്. 20 ദിവസത്തിനു ശേഷം കിളിമാനൂർ എ ഇ ഒ യ്ക്ക്, ഡി ഇ ഒ യുടെ താൽക്കാലിക ചുമതല നൽകിയെങ്കിലും ആരോഗ്യപരമായ കാര്യങ്ങളാൽ വളരെ അടിയന്തര സാഹചര്യത്തിലുള്ള ഫയൽ മാത്രമേ പ്രസ്തുത ആഫീസർ കൈകാര്യം ചെയ്തുള്ളൂ.

b) 2024 ജൂൺ 19 നാണ് സ്ഥിരമായി ഡി ഇ ഒ ആയി ശ്രീമതി. ബിന്ദു ആർ നിയമിതയായത്. സ്ഥിരം ഡി ഇ ഒ ഇല്ലാത്തതിനാൽ അടിയന്തരമായി തീർപ്പാക്കേണ്ട നിരവധി ഫയലുകൾ ഡി ഇ ഒ യുടെ ഇ-ആഫീസ്, സമന്വയ പോർട്ടൽ എന്നിവയിൽ ഉണ്ടായിരുന്നു. 2024 ആറാം പ്രവർത്തി ദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സ്റ്റാഫ് ഫിക്സേഷൻ നടപടി, ഹയർ ലെവൽ വിസിറ്റ് എന്നിവ അടിയന്തരമായി പൂർത്തിയാക്കേണ്ട സാഹചര്യം പ്രസ്തുത ഡി ഇ ഒ യ്ക്ക് ഉണ്ടായി.

c)ജില്ലാവിദ്യാഭ്യാസ ആഫീസിന്റെ ബാങ്ക് അക്കൗണ്ട് ഡി ഇ ഒ യുടെ പേരിലും ക്യാഷ് ബുക്ക്, ചെസ്റ്റിൻറെ ചുമതല പി എ യുടെ അധികാര പരിധിയിലുമാണ്. ഡി ഇ ഒ യുടെ ആധാർ കാർഡ്, ഫോട്ടോ, സിഗ്നേച്ചർ അറ്റസ്റ്റ് ചെയ്ത രേഖ എന്നിവ ബാങ്കിൽ സമർപ്പിച്ചാൽ മാത്രമേ ബാങ്ക് അക്കൗണ്ടിൽ മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ. 'പ്രസ്തുത വിവരം ഞാൻ ബോധ്യപ്പെടുത്തിയെങ്കിലും ജോലിതിരക്കുമൂലം പ്രസ്തുത രേഖകൾ ഡി ഇ ഒ ലഭ്യമാക്കിയത് സെപ്റ്റംബർ 15 നാണ്.

d. 2024 ഏപ്രിൽ 1 മുതൽ ഈ കാലഘട്ടം വരെ സ്കൗട്ട് ആൻറ് ഗൈഡ്സ്, ശിശുദിനം, എൻ.എഫ്.റ്റി.ഡബ്ല്യൂ, ആർമി ദിനം ഇവയുമായി ബന്ധപ്പെട്ടു വിതരണം ചെയ്തിരുന്ന സ്റ്റാമ്പുകളുടെ തുക സ്കൂളുകൾ, എ.ഇ.ഒ എന്നിവർ ഈ ഓഫീസിൽ അടച്ചിരുന്നു. രസീത് നൽകി ഈ തുക വാങ്ങി പിറ്റേദിവസം തന്നെ ഡി ഇ ഒ യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. 2016 മുതലുള്ള തുകയാണ് സ്കൂളുകൾ ആ സമയത്ത് നൽകി വന്നിരുന്നത്. അതിന്റെ ഇനം തിരിച്ചുള്ള ബ്രേക്ക് അപ്പ്, daily book, കമ്പ്യൂട്ടർ എന്നിവയിൽ രേഖപ്പെടുത്തിയിരുന്നു.

e. 2024 സെപ്റ്റംബർ 15 ന് പുതിയ ഡി ഇ ഒ ബാങ്ക് അക്കൗണ്ട് തന്റെ പേരിലേക്ക് മാറ്റിയ ശേഷം സെപ്റ്റംബർ 19ന് 2014-15 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ അവശേഷിച്ചിരുന്ന 2,20,000 രൂപ ഡി.പി.ഐ യുടെ നിർദ്ദേശം അനുസരിച്ച് ഫണ്ട് ട്രാൻസ്ഫർ ചെയ്യാൻ ശ്രമിച്ചു. അത് പരാജയപ്പെട്ടപ്പോൾ ഡി ജി ഇ യുടെ നിർദ്ദേശപ്രകാരം ഡി ഡി എടുത്ത് ഡി ജി ഇ ആഫീസിലേക്ക് നൽകി. ഇതുമായി ബന്ധപ്പെട്ട് മാനുവൽ ഫയൽ പരിശോധിച്ചാൽ എന്റെ ക്രിയാത്മകമായ ഇടപെടൽ ബോധ്യമാകും.

f. ഈ കുറ്റാരോപണ പത്രികയുമായി ബന്ധപ്പെട്ട് എനിക്ക് വേലവിലക്ക്

ഏർപ്പെടുത്തുന്നതിന് മുമ്പുതന്നെ സ്റ്റാമ്പുവിതരണവുമായി ബന്ധപ്പെട്ട് **15,89,160** രൂപ വിവിധ സർക്കാർ ഇതര ഏജൻസികൾക്ക് വിതരണം ചെയ്തിരുന്നു. പ്രസ്തുത തുകകൾ സർക്കാറിന് നൽകേണ്ട തുകയല്ല. വിവിധ ഏജൻസികൾക്ക് നൽകേണ്ട തുകയാണ്. പ്രസ്തുത വിവരം **DEO ATL/2860/2024 A2** കത്ത് പ്രകാരം **27.09.2024** ൽ ഞാൻ നേരിട്ടാണ് സീനിയർ അക്കൗണ്ട് ആഫീസറെ ബോധ്യപ്പെടുത്തിയത്. ഇൻസ്പെക്ഷൻ സമയത്ത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ തുകയുടെ ഇനം ഓഡിറ്റുകാരെ ബോധ്യപ്പെടുത്തിയില്ല എന്നാണ് വേലവിലക്ക് ഉത്തരവിൽ പറയുന്നത്.

**g.**എസ്റ്റാബ്ലിഷ്മെൻറിൽ ക്ലർക്കായി ഇരുന്നത് സോണി എന്ന ജീനവക്കാരിയായിരുന്നു. സ്കൂളിൽ നിന്നും **5** ദിവസം മുമ്പാണ് പ്രസ്തുത ജീവനക്കാരി ആ സെക്ഷനിൽ ജോയിൻ ചെയ്തത്. ഇനം തിരിച്ചുള്ള കണക്കിന്റെ മുഴുവൻ വിവരങ്ങളും സെക്ഷൻ കൈകാര്യം ചെയ്തിരുന്ന മുൻ, ക്ലർക്കായ ആനന്ദിന്റെ അലമാരയിലും കമ്പ്യൂട്ടറിലും ആയിരുന്നു. പ്രസ്തുത ക്ലർക്ക് സെപ്റ്റംബർ **10** ന് ആകസ്മിക അവധി ആയതിനാൽ ആണ് അത് വിശദീകരിക്കുവാൻ സാധിക്കാതെ പോയത്. ആവശ്യപ്പെട്ടെങ്കിൽ തൊട്ടടുത്ത ദിവസം പ്രസ്തുത വിവരം ഡി ജി ഇ ആഫീസിലേക്ക് നൽകാമായിരുന്നു.

**h.** എൽ എസ് എസ് /യു എസ് എസ് സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ടു സമയനിഷ്ഠ പാലിച്ചില്ല എന്ന ആരോപണം വേലവിലക്ക് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. കുറ്റാരോപണ പത്രികയിൽ അത് പറയുന്നില്ല. ഈ തുക **2024** ആഗസ്റ്റ് **15** നാണ് ബിംസിൽ വന്നത്. സെപ്തംബർ **10**ന് വിജിലൻസ് ഇൻസ്പെക്ഷൻ സയമത്ത് പ്രസ്തുത തുക ബിംസിൽ കണ്ടതിനെ തുടർന്ന് അത് വിതരണം ചെയ്തില്ല എന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. **LSS/USS** രേഖകൾ പരീക്ഷ ഭവന്റെ സൈറ്റിൽ എന്റർ ചെയ്യുന്നത് രക്ഷാകർത്താക്കൾ/സ്കൂൾ അധികൃതർ എന്നിവരാണ്. ജില്ലാവിദ്യാഭ്യാസ ആഫീസിൽ ഇത് സംബന്ധിച്ച യാതൊരു വിവര ശേഖരണവും നടത്തുന്നില്ല.. പരീക്ഷഭവൻ നൽകുന്ന ലിസ്റ്റിൽ പല കുട്ടികളും സ്കോളർഷിപ്പിന്റെ ഒന്നും രണ്ടും ഗഡു കൈപ്പറ്റിയ കുട്ടികൾ ഉൾപ്പെട്ടതാണ്. ഇത് ക്രോസ് ചെക്ക് ചെയ്തതിനു ശേഷം മാത്രമേ തുക കുട്ടികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ കഴിയൂ. കൂടാതെ കുട്ടികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ബ്രാഞ്ച്, ഐ എഫ് എസ് സി കോഡ്, മൊബൈൽ നമ്പർ എന്നിവ പരിശോധിച്ചപ്പോൾ **300** ലധികം കുട്ടികളുടെ വിവരം തെറ്റായി കാണപ്പെട്ടു. ഇക്കാരണത്താൽ ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനു മുമ്പായി അക്കൗണ്ട് സംബന്ധിച്ച ആധികാരികത ഉറപ്പു വരുത്തേണ്ടതായി വന്നു. **2500** ലധികം വരുന്ന കുട്ടികളുടെ അക്കൗണ്ടുകൾ സെക്ഷൻ ക്ലർക്കിന്റെ സഹായത്താൽ രക്ഷാകർത്താവ്, അധ്യാപകർ എന്നിവരെ ബന്ധപ്പെട്ട് പരിശോധിച്ചു തുടർനടപടികൾ സ്വീകരിച്ച് വരുകയായിരുന്നു.

**i.** വേലവിലക്കിന് ശേഷം നവംബർ **4** ന് ആറ്റിങ്ങൽ ജില്ലാവിദ്യാഭ്യാസ ആഫീസിൽ തന്നെ ജോലിയിൽ പ്രവേശിച്ച ഞാൻ പ്രസ്തുത തുക കുട്ടികൾക്ക്

ലഭ്യമാകാൻ അടിയന്തര നടപടി എടുത്തു. തുടർദിവസങ്ങളിൽ തുക കുട്ടിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതിലും ട്രഷറി നിയന്ത്രണം കാരണം BAMS ക്ലിയറൻസ് ആവശ്യമായി വന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന ട്രഷറി ഡയറക്ടർ/ധനകാര്യവകുപ്പ് ബന്ധപ്പെട്ട് പ്രസ്തുത തുക കുട്ടികൾക്ക് സമയബന്ധിതമായി വിതരണം ചെയ്ത് ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ എന്റെ കടമ കൃത്യമായി ചെയ്തിട്ടുണ്ട്. കേരളത്തിലെ എല്ലാ വിദ്യാഭ്യാസ ആഫീസിലും ഈ സാങ്കേതിക പ്രശ്നം കാരണം വിതരണത്തിൽ കാലതാമസം വന്നിട്ടുണ്ട്.

j. ബാങ്കിൽ ക്യാഷ് ബുക്കിനേക്കാൾ കൂടുതൽ തുക ഉണ്ടായിരുന്നു എന്ന് കുറ്റാരോപണ പത്രികയിൽ സൂചിപ്പിച്ചിരുന്നു. ഐ ടി പരീക്ഷ, എസ് എസ് എൽ സി തുല്യതാപരീക്ഷ, കെ ടെറ്റ് പരീക്ഷ എന്നിവയുടെ നടത്തിപ്പിനുവേണ്ടി പരീക്ഷ കമ്മീഷ്ണർ ഡി ഇ ഒ യുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യും. ബാങ്ക് സ്റ്റേറ്റ്മെൻറ് പരിശോധിച്ചാൽ ഫണ്ട് ട്രാൻസ്ഫർ എന്നേ രേഖപ്പെടുത്തു. പരീക്ഷ കമ്മീഷ്ണറുടെ ഉത്തരവ് ലഭിക്കുമ്പോഴാണ് ഈ തുക ഏതുമായി ബന്ധപ്പെട്ട് ലഭിക്കുന്നത് എന്ന് അറിയുവാൻ സാധിക്കുകയുള്ളൂ. ഇതിന് ശേഷമാണ് പ്രസ്തുത തുക ക്യാഷ്ബുക്കിൽ ചേർക്കുന്നത്. പ്രസ്തുത തുകയുമായി ബന്ധപ്പെട്ട ബിൽ, വൗച്ചർ, അക്വിറ്റൻസ് എന്നിവ ബന്ധപ്പെട്ട സ്കൂളിൽ നിന്നും ലഭ്യമായാൽ മാത്രമേ ജില്ലാവിദ്യാഭ്യാസ ആഫീസറുടെ അംഗീകാരത്തോടെ തുക വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ.

k. എന്റെ വേലവിലക്കിനുശേഷം നവംബർ 5 മുതൽ ഡിസംബർ 9 വരെ പ്രസ്തുത ആഫീസിൽ തന്നെ എന്നെ പുനർനിയമിച്ചു എന്നത് എന്റെ ഭാഗത്തുനിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ, സർക്കാർ എന്നിവർക്ക് സാമ്പത്തിക നഷ്ടമോ അവമതിപ്പോ ഉണ്ടാക്കിയില്ല എന്നതിന് തെളിവാണ്. നവംബർ ആറാം തീയതിയിലെ ക്യാഷ് ബുക്ക് ബാങ്ക് സ്റ്റേറ്റ്മെൻറ് ഇവ പരിശോധിച്ചാൽ രണ്ട് രേഖയിലും തുക തുല്യമാണെന്ന് ബോധ്യമാകും. (തുക Rs. 10,52,005). നവംബർ 15 ന് ഐ റ്റി എക്സാമിന് അനുവദിച്ച 5,51,611 രൂപ, ടീച്ചേഴ്സ് സാനിറ്റേറിയം 6,600 രൂപ ഒഴികെ മുഴുവൻ തുകയും വിവിധ സർക്കാർ ഇതര ഏജൻസികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത തുക ബാങ്കിൽ കിടന്നതിന്റെ പലിശ ഇനത്തിൽ ലഭിച്ച 33,033 രൂപ സർക്കാരിലേക്ക് അടച്ചിട്ടുണ്ട്. സർക്കാരിന് ഈ ഇനത്തിൽ വരുമാനമാണ് ലഭ്യമായത്.

l. ജൂനിയർ സൂപ്രണ്ടായി ആറ്റിങ്ങൽ ജില്ലാവിദ്യാഭ്യാസ ആഫീസിൽ ഞാൻ ജോലിയിൽ പ്രവേശിച്ചപ്പോൾ e- ആഫീസിൽ 450 ഫയലുകൾ ഉണ്ടായിരുന്നു. പ്രസ്തുത ഫയലുകളെല്ലാം തീർപ്പാക്കി. 6 മാസത്തെ എന്റെ സേവന കാലയളവിൽ 3890 ഫയൽ തീർപ്പാക്കി. ഒരു ദിവസം പോലും എന്റെ e Office-ൽ ഒരു ഫയലും സൂക്ഷിച്ചിരുന്നില്ല. എന്റെ e Office ഹിസ്റ്ററി പരിശോധിച്ചാൽ ബോധ്യമാകും. ഞാൻ ആ ആഫീസിൽ നിന്നും വിടുതൽ ആയ ദിവസം e

Office /സമന്വയ പോർട്ടൽ എന്നിവയിൽ ഒരു ഫയൽ പോലും അവശേഷിപ്പിച്ചിരുന്നില്ല. ക്യാഷ് ബുക്ക് കൃത്യമാക്കി അതിന്റെ ബ്രേക്ക് അപ്പ് പി എ, ഡി ഇ ഒ എന്നിവരെ ബോധ്യപ്പെടുത്തിയിരുന്നു.

**m.** ആറ്റിങ്ങൽ ജില്ലാ ആഫീസിലെ ജോലിഭാരം ഇപ്രകാരമാണ്. ഡി ഇ ഒ യുടെ അഭാവത്തിൽ 50 സർക്കാർ സ്കൂളുകളുടെ സ്റ്റാഫ് ഫിക്സേഷൻ നടപടി ആരംഭിക്കുകയും അത് രണ്ട് തവണ (ഇംഗ്ലീഷ് കോർ സബ്ജക്റ്റായും അല്ലാതെയും) സമയബന്ധിതമായി എനിക്ക് ചെയ്യേണ്ടി വന്നു. അന്ന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ചുമതലയുണ്ടായിരുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് ഡിഡിഇ ലെ മറ്റ് ജീവനക്കാർക്ക് അറിയാമായിരുന്നു ഞാൻ ചെയ്യുന്ന ജോലിഭാരം. കൂടാതെ 2023/24 വർഷത്തെ അധിക തസ്തിക (Reverse fixation)നടത്തേണ്ടി വന്നു. എന്റെ 6 മാസ കാലയളവിൽ 3 ഡി ഇ ഒ മാർ മാറി വന്നതും എസ്റ്റേബ്ലിഷ്മെന്റിൽ 3 ക്ലർക്കുമാർ സീറ്റ് മാറിയതും സെക്ഷന്റെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചു. കൂടാതെ ഫിക്സേഷൻ ചെയ്തിരുന്ന എ3 സെക്ഷൻ ക്ലർക്ക് ആഗസ്റ്റ് 28 മുതൽ ഒക്ടോബർ 5 വരെ ആർജിത അവധിയിൽ പ്രവേശിച്ചത് എന്റെ ജോലിഭാരം വർദ്ധിപ്പിച്ചു. പ്രസ്തുത ക്ലർക്കിന്റെ ജോലി എനിക്ക് ചെയ്യേണ്ടതായി വന്നു.

**n.** എ സെക്ഷനിൽ സീനിയർ ക്ലർക്കുമാരാരും ഇല്ലായിരുന്നു. ആഫീസുകളിൽ ജോലി ചെയ്ത് പരിചയമുള്ള ക്ലർക്കുമാരുടെ അപര്യാപ്തത ആഫീസിന്റെ പ്രവർത്തനത്തെ ബാധിച്ചിരുന്നു. സൂപ്പർ ന്യൂമറി പോസ്റ്റിൽ ജോയിൻ ചെയ്ത ഒരു ക്ലർക്കടക്കം പുതുതായി ജോലിയിൽ പ്രവേശിച്ച 4 കായിക താരങ്ങളാണ് പ്രസ്തുത ആഫീസിൽ എ സെക്ഷനിൽ ആ കാലയളവിൽ ജോലി ചെയ്തിരുന്നത്. ഈ വസ്തുത ഡി ജി യിലെ സീനിയർ അക്കൗണ്ട്സ് ആഫീസർ മുഖേന ഡി.ഡി.ഇ-യെ ബോധ്യപ്പെടുത്തിയിരുന്നു. ഇത്തരം സാഹചര്യത്തിൽ പോലും ഞാൻ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടും എനിക്ക് വേലവിലക്ക് വന്നത് എന്നെ വളരെയധികം മാനസിക സമ്മർദ്ദത്തിലാക്കി. അത് ദൃശ്യ പത്രമാധ്യമത്തിൽ പ്രസിദ്ധപ്പെടുത്തിയത് എന്റെ സാമൂഹ്യ ജിവിതത്തിന് വിഘാതമായി.

**o.** സർക്കാരിന്റെ ഖജനാവിലെ ഒരു രൂപ പോലും സാമ്പത്തിക നഷ്ടം വരുത്തിയില്ല എന്ന് കുറ്റാരോപണ പത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കേവലം ആറ് മാസക്കാലം ജൂനിയർ സൂപ്രണ്ടായി ജോലി ചെയ്ത എന്റെ പേരിൽ ദീർഘകാലമായി അക്കൗണ്ടിൽ കിടന്ന തുകകളിൽ തീരുമാനമെടുത്തില്ല എന്ന ആരോപണത്തിന്റെ നിജസ്ഥിതി രേഖകൾ പരിശോധിച്ചാൽ ബോധ്യമാകും.

**p.** 2014-15 പ്രീമെട്രിക് സ്കോളർഷിപ്പിന്റെ തുക അനുവദിച്ചത് 2021 ലാണ്. ആ സമയത്ത് അർഹരായ കുട്ടികൾ സ്കൂൾ പഠനം കഴിഞ്ഞ് പുറത്ത് ജോലിതേടിയും വിവാഹം കഴിഞ്ഞും മറ്റും പോയിരുന്നു. പ്രസ്തുത കുട്ടികളെ കണ്ടെത്തുക എന്നത് പ്രയാസമേറിയ പണിയായിരുന്നു. അന്നിരുന്ന സൂപ്രണ്ടുമാർ 90 ശതമാനം തുകയും വിതരണം ചെയ്തിരുന്നു. ഞാൻ

വന്നതിനുശേഷം എല്ലാ സ്കൂളുകളിൽ നിന്നും റിപ്പോർട്ട് വാങ്ങി അവശേഷിച്ച തുക ഡി ജി ഇ യുടെ നിർദ്ദേശപ്രകാരം തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന **2024-25** വർഷത്തെ സ്റ്റാമ്പിന്റെ തുക, ഐ ടി പരീക്ഷ, കെ ടെറ്റ് പരീക്ഷ എന്നിവയുമായി ബന്ധപ്പെട്ട തുക മാത്രമാണ് അക്കൗണ്ടിൽ അവശേഷിച്ചിരുന്നത്. കൂടാതെ ക്യാഷ്ബുക്ക് ചെസ്റ്റ് ഇവയുടെ ചുമതല ജൂനിയർ സൂപ്രണ്ടിന്റെ അധികാരത്തിൽ ഉൾപ്പെടുന്നതല്ല.

**q.** പരിശോധന ദിവസം **(10.09.2024)** ചെസ്റ്റിൽ **100** രൂപ കണ്ടെത്തി എന്ന് വേലവിലക്ക് ഉത്തരവിൽ സൂചിപ്പിച്ചിരുന്നു. പ്രസ്തുത **100** രൂപ തലേദിവസം **(09/09/2024)** രസീത് നൽകി വാങ്ങിയതാണ്. ആ ദിവസം ഞാൻ ആർജ്ജിത അവധിയിലായിരുന്നു. ഒരു വർഷത്തിന് ശേഷം **03.12.2025** ൽ ഡി.ജി.ഇ നൽകിയ കുറ്റാരോപണ മെമ്മോയുടെ അടിസ്ഥാനത്തിൽ **17.12.2025** ൽ മറുപടി നൽകിയിരുന്നു. മൂന്ന് മാസം കഴിഞ്ഞതിന് ശേഷവും പ്രസ്തുത ഫയലിൽ നടപടി കൈക്കൊള്ളാതെ ജൂനിയർ സൂപ്രണ്ടിൽ നിന്നും സീനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റത്തിലേക്കുള്ള സെലക്ഷൻ ലിസ്റ്റിൽ എന്നെ ഉൾപ്പെടുത്തിയില്ല. ഈ കേസിൽ ഉൾപ്പെട്ട **17** ജീവനക്കാരിൽ **7** പേരെ സർക്കാർ ഒഴിവാക്കിയിരുന്നു. കുറച്ച് കാലം മാത്രമാണ് സെക്ഷനിൽ ജോലി ചെയ്തത് എന്ന കാരണം പറഞ്ഞാണ് പ്രസ്തുത ജീവനക്കാരെ ഒഴിവാക്കിയത്. ആറ് മാസത്തിൽ താഴെ മാത്രം ഈ സെക്ഷനിൽ ജോലി ചെയ്ത എന്നെയും മുകളിൽ പറഞ്ഞ രീതിയിൽ ഒഴിവാക്കാത്തത് സ്വഭാവിക നീതിയുടെ നിഷേധമാണ്. വളരെ കുറഞ്ഞ കാലമാണ് പ്രസ്തുത ആഫീസിൽ ഞാൻ ജോലി ചെയ്തത് .

**r.** ഇത് കൂടാതെ ഈ കേസിൽ ഉൾപ്പെട്ട **6** ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്നു.

1. ബിന്ദു. ആർ, **DEO to DDE, G.O.(P) No.3113/2025 GEDN**
2. ബിന്ദു.ജി.ഐ, **DEO to DDE, G.O(P) No.3402/2024/GEDN**
3. ജോസ് പ്രകാശ്ഡി.സി, **PA to AA, GO.(P) No.1241/2025/GEDN**
4. മഞ്ജുളഎം.എസ്, **PA to AA, GO.(P) No.4057/2025/GEDN**
5. മനോജ് വി.വി, **SS to PA to DEO, GO.(P) No.4194/2025/GEDN**
6. രജി സി.ആർ, **Clerk to Senior Clerk, C5/9930/2023/DGE**

ക്രമ നമ്പർ **(6)** രജിയ്ക്ക് സ്ഥാനക്കയറ്റം നൽകിയത് ചാർജ്ജ് മെമ്മോ നൽകിയതിനു ശേഷമാണ്.

**s. 2025** ലെ സെലക്ക് ലിസ്റ്റിൽ **115** ആയിരുന്നു എന്റെ റാങ്ക് നമ്പർ. കൂടാതെ **2026** ലെ സീനിയോറിറ്റി ലിസ്റ്റിൽ **25** ആണ് റാങ്ക് നമ്പർ. എന്നാൽ **05.03.2026** ൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ **D6/20993/2024/**ഡി.ജി.ഇ. സെലക്ക് ലിസ്റ്റിൽ **25-**ാമതായി റാങ്ക് വരേണ്ട എന്നെ ലിസ്റ്റിൽ ഉൾപ്പെടുത്തിയില്ല. **13/03/2026** ലെ **D1/9112/2026/DGE** ഉത്തരവ് പ്രകാരമുള്ള സ്ഥാനക്കയറ്റ ഉത്തരവിൽ നിന്നും എന്നെ ഒഴിവാക്കി എന്നേക്കാൾ ജൂനിയർ ആയ **3** ജീവനക്കാർക്ക്

പ്രൊമോഷന് നൽകി. ഇതേ കേസിൽ ഉൾപ്പെട്ട മറ്റുള്ളവർക്ക് ലഭിച്ച സ്വാഭാവിക നീതിയും പരിരക്ഷയും എനിക്കും ലഭ്യമാക്കുവാൻ വേണ്ട നടപടി കൈക്കൊള്ളണം.

**t.** ജൂനിയർ സൂപ്രണ്ടായി ജോയിൻ ചെയ്ത ദിവസം മുതൽ മേലധികാരിയുടെ നിർദ്ദേശാനുസരണം മാത്രം പ്രവർത്തിച്ചിരുന്ന എനിയ്ക്ക് മാത്രം സ്ഥാനക്കയറ്റ ലിസ്റ്റിൽ ഉൾപ്പെടുത്താതെ ഒരു വർഷം കഴിഞ്ഞ് നൽകിയിട്ടുള്ള ചാർജ്ജ് മെമ്മോയ്ക്ക് വിശദമായ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടു മൂന്ന് മാസം കഴിഞ്ഞിട്ടും ഫയൽ തീർപ്പാക്കാതെ വിവേചനപരമായി പ്രവർത്തിക്കുന്ന നടപടി സത്യസന്ധമായി പ്രവർത്തിക്കുന്ന ഒരു ജീവനക്കാരൻ എന്ന നിലയിൽ സ്വാഭാവിക നീതി നിഷേധമാണ്. ഈ കേസുമായി ബന്ധപ്പെട്ട് ഞാൻ സമർപ്പിച്ചിട്ടുള്ള മുൻകാല അപേക്ഷകൾ പരിഗണിച്ചും ബഹമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റ് ട്രിബ്യൂണലിൻറെ വിധിന്യായം പരിഗണിച്ചും ഈ കേസിൽ നിന്ന് എന്നെ ഒഴിവാക്കി സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകണം.

**u.** എന്റെ ഹിയറിംഗ് റിപ്പോർട്ടും ഞാൻ സമർപ്പിച്ച ഡോക്കുമെൻറുകളും പരിശോധിച്ചു വസ്തുതകൾ മനസ്സിലാക്കി തുടർനടപടികൾ ഇല്ലാതെ ഇതിൻമേലുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിച്ചു നൽകണം. സർക്കാരിന്റെ ഖജനാവിന് ഒരു രൂപ പോലും നഷ്ടം എന്റെ കാലയളവിൽ സംഭവിച്ചിട്ടില്ല. ആയതിനാൽ വേലവിലക്ക് കാലയളവായ **28.09.2024** മുതൽ **04.11.2024** വരെയുള്ള കാലഘട്ടം ഡ്യൂട്ടിയായി ക്രമീകരിച്ചു നൽകണം.

8) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം

**a.** അഡിമിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (പർച്ചേസ്) ന്റെ നേതൃത്വത്തിൽ **10/09/2024**-ന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നടത്തിയ ആകസ്മിക പരിശോധനയിന്മേലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ ദിലീപ് ചന്ദ്രൻ ആർ ഉൾപ്പെടെ ഏഴ് ജീവനക്കാരെ സേവനത്തിൽ നിന്നും വേലവിലക്കി ഉത്തരവായിരുന്നു. പിന്നീടുള്ള അന്വേഷണത്തിൽ ടിയാൻ ഉൾപ്പെടെ പതിനേഴ് ജീവനക്കാരുടെ ഭാഗത്ത് നിന്നും ഗുരുതര വീഴ്ച ഉണ്ടായി എന്ന് കണ്ടെത്തിയിരുന്നു. ആയതിൽ സേവനത്തിൽ നിന്നും വിരമിച്ചവർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ റാങ്ക് മുതൽ ക്ലറിക്കൽ തസ്ത്ികയിൽ സേവനം അനുഷ്ഠിക്കുന്നവർ എന്നിവർ ഉൾപ്പെട്ടിട്ടുള്ളതിനാൽ കുറ്റാരോപിതരായ മുഴുവൻ ജീവനക്കാർക്കുമെതിരായി പൊതുവായ അച്ചടക്കനടപടി സ്വീകരിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വികരിക്കേണ്ടതിനാൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്ത്ിരുന്നു. സർക്കാർ തലത്തിൽ കുറ്റപത്രം നൽകി, ടിയാളുകളെ തിരിച്ചെടുക്കുന്നതിൽ കാലതാമസം ഉണ്ടാകും എന്നതിനാൽ, അവർക്കെതിരെയുള്ള അച്ചടക്ക നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കും എന്ന വ്യവസ്ഥയിൽ ശ്രീ ദിലീപ് ചന്ദ്രൻ ആർ

ഉൾപ്പെടെ ഏഴ് പേരുടെ വേലവിലക്ക് അവസാനിപ്പിച്ചിരുന്നു.

**b.** പിന്നീട് സർക്കാർ നിർദ്ദേശ പ്രകാരം കുറ്റാരോപിതരായ പതിനേഴ് ജീവനക്കാരിൽ നിന്നും ഏഴ് പേരെ കുറഞ്ഞ കാലയളവിൽ മാത്രമേ ബന്ധപ്പെട്ട സെക്ഷനിൽ ജോലി ചെയ്തുള്ളൂ എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ തുടർ നടപടികളിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ശ്രീ ദിലീപ് ചന്ദ്രൻ ആർ ഉൾപ്പെടെ ആറു ജീവനക്കാർക്കെതിരെ **1960**-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം **15** പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ നിർദേശം ലഭിച്ച സാഹചര്യത്തിൽ ശ്രീ ദിലീപ് ചന്ദ്രൻ ആർ നെതിരെ തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി **03.12.2025** ന് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ആയതിനുള്ള മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**c.** ശ്രീ ദിലീപ് ചന്ദ്രൻ ആർ ന് **03.12.2025** നാണ് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകിയിട്ടുള്ളത്. എന്നാൽ ആയതിനു ശേഷമാണ് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റ പട്ടിക പ്രസിദ്ധികരിച്ചത്. ടിയാനെതിരെ അച്ചടക്ക നടപടി നിലവിലുള്ള സാഹചര്യത്തിലാണ് ശ്രീ ദിലീപ് ചന്ദ്രൻ ആർ നെ സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെടുത്താതിരുന്നത്. ശ്രീ. ആർ ദിലീപ് ചന്ദ്രൻ്റെ ജൂനിയർ സുപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടില്ല, ടിയാനെതിരെ നിലനിൽക്കുന്ന വകുപ്പുതല അച്ചടക്ക നടപടി പൂർത്തീകരിച്ചിട്ടില്ല എന്നീ കാരണങ്ങൾകൊണ്ടാണ് സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നത്.

**d.** അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് അഡിഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (ജനറൽ) **17.04.2026** ന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫിസിൽ ഔപചാരിക അന്വേഷണം നടത്തിയിട്ടുണ്ട്. ഔപചാരിക അന്വേഷണത്തിൻ്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ ദിലീപ് ചന്ദ്രൻ ആർ ന് കാരണം കാണിക്കൽ നോട്ടീസ് നൽകി ആയതിനുള്ള മറുപടി ലഭിച്ചതിനു ശേഷം കാലതാമസം വരുത്താതെ അന്തിമ ഉത്തരവ് നൽകുന്നതാണ്.

**9)** ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദങ്ങൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം, ബന്ധപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു.

**10)** **29.04.2024** മുതൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എ വിഭാഗം ജൂനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിരുന്നില്ല. വിവിധ ഇനങ്ങളിലായി ഓഫീസിൽ ലഭ്യമാകുന്ന തുകകൾ ബാങ്കിൽ നിക്ഷേപിച്ചിരുന്നു എങ്കിലും രേഖപ്പെടുത്തലുകൾ വരുത്തുകയോ ക്ലോസിംഗ് ബാലൻസ് കൃത്യമായി എല്ലാ ദിവസവും ക്യാഷ് ബുക്കിൽ

രേഖപ്പെടുത്തുകയോ ചെയ്തിരുന്നില്ല. ദീർഘ കാലമായി വിതരണം ചെയ്യാതെ സൂക്ഷിച്ചിരുന്ന തുകകൾ നിലവിലുണ്ടായിരുന്നു. സർക്കാരിലേക്കും, മറ്റ് സ്ഥാപനങ്ങളിലേക്കും അടക്കേണ്ട തുക കൃത്യമായി തിട്ടപ്പെടുത്താതെ ഓഫീസിൻ്റെ പേരിൽ ഉണ്ടായിരുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിരുന്നത്. തുകകൾ വേർതിരിച്ചു കാണിക്കുകയോ, ഏതിനത്തിൽ ലഭ്യമായ തുകയാണ് നിലവിലുള്ളത് എന്നോ എന്നു മുതൽ നിലവിലുള്ള തുകയാണെന്നോ അറിയില്ലായിരുന്നു. സാമ്പത്തിക കാര്യങ്ങളിൽ യാതൊരു വിധമായ പരിശോധനകളും നടത്തിയിട്ടില്ല. ബാങ്കിൽ നിക്ഷേപിച്ച തുകയും ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയും തമ്മിൽ വളരെ വലിയ പൊരുത്തക്കേടുകൾ നിലനിന്നിരുന്നു. ക്യാഷ് സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനു സാധിച്ചില്ല. സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ പിഴവ് സംഭവിച്ചിട്ടുണ്ട് എന്നിവയാണ് ടിയാനെതിരായ കുറ്റപത്രത്തിലെ ആരോപണങ്ങൾ.

**11)** ക്യാഷ് ബുക്ക്, ചെസ്റ്റ് എന്നിവ ജൂനിയർ സൂപ്രണ്ടിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്നതല്ല എന്നാണ് ടിയാൻ ബോധിപ്പിച്ചിട്ടുള്ളത്. ഐ ടി പരീക്ഷ, എസ് എസ് എൽ സി തുല്യതാപരീക്ഷ, കെ ടെറ്റ് പരീക്ഷ എന്നിവയുടെ നടത്തിപ്പിനുവേണ്ടി പരീക്ഷ കമ്മീഷ്ണർ ഡി ഇ ഒ യുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുമെങ്കിലും പരീക്ഷ കമ്മീഷ്ണറുടെ ഉത്തരവ് ലഭിക്കുമ്പോഴാണ് ഈ തുക ഏതുമായാണ് ബന്ധപ്പെട്ട് ലഭിക്കുന്നത് എന്ന് അറിയുവാൻ സാധിക്കുകയുള്ളൂ എന്നും ഇതിന് ശേഷമാണ് പ്രസ്തുത തുക ക്യാഷ്ബുക്കിൽ ചേർക്കുന്നത് എന്നും പ്രസ്തുത തുകയുമായി ബന്ധപ്പെട്ട ബിൽ, വൌച്ചർ, അക്വിറ്റൻസ് എന്നിവ ബന്ധപ്പെട്ട സ്കൂളിൽ നിന്നും ലഭ്യമായാൽ മാത്രമേ ജില്ലാവിദ്യാഭ്യാസ ആഫീസറുടെ അംഗീകാരത്തോടെ തുക വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും ടിയാൻ ബോധിപ്പിക്കുന്നു.

**12)** ഡി.ഇ.ഓ യുടെ പേരിൽ ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ ആയത് **2024** സെപ്റ്റംബർ **15** നാണെന്നും ആയതിനുശേഷം തന്റെ കൃത്യമായ പ്രവർത്തനംമൂലം കാലാകാലങ്ങളായി കൊടുത്തു തീർക്കുവാനുണ്ടായിരുന്ന സ്കോളർഷിപ്പ് തുകകൾ ഉൾപ്പടെ എല്ലാ തുകകളും വിതരണം ചെയ്യുകയും വിതരണം ചെയ്യാൻ സാധിക്കാത്തവ തിരിച്ചടയ്ക്കുകയും, പ്രസ്തുത തുകയുടെ പലിശ ഇനത്തിൽ ലഭിച്ച തുക ഉൾപ്പടെ ട്രഷറിയിൽ ഒടുക്കുകയും ചെയ്തുവെന്നും സ്റ്റാമ്പ് ഇനത്തിൽ ഉള്ള തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുകയും, നവംബർ ആറാം തീയതിയോടെ ക്യാഷ് ബുക്ക് ബാങ്ക് സ്റ്റേറ്റ്മെൻറ് ഇവയിലെ തുക തുല്യമാക്കുകയും ചെയ്തതായും ടിയാൻ അറിയിച്ചു. തന്റെ ഇ- ഓഫീസ് പോർട്ടലിലോ, സമന്വയ പോർട്ടലിലോ യാതൊരു പെന്റിംഗും ഇല്ലാതെയാണ് താൻ ജോലി നോക്കുന്നതെന്നും **29.04.2024** മുതൽ പരിശോധനാ ദിവസമായ **10.09.2024-** വരെ കേവലം

നാലരമാസത്തിൽ താഴെയാണ് ടി ഓഫീസിൽ താൻ ജോലി ചെയ്തതെന്നും ആയത് പരിഗണിച്ച് തന്നെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും തനിക്ക് അർഹതപ്പെട്ട സ്ഥാനക്കയറ്റം നൽകണമെന്നും ടിയാൻ അഭ്യർത്ഥിച്ചു.

13) ശ്രീ ദിലീപ് ചന്ദ്രനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിരിക്കുന്നത് പൊതു വിദ്യാഭ്യാസ ഡയറക്ടർ തലത്തിലാണെന്നും, ആയതിനാൽ പ്രസ്തുത അച്ചടക്ക നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽതന്നെയാണ് പൂർത്തിയാക്കേണ്ടതെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടിയാനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതും സ്ഥാനക്കയറ്റം നൽകുന്നതും സംബന്ധിച്ച വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ ലോവർ ഡി.പി.സി-യുടെ കൺവീനറും സീനിയർ സൂപ്രണ്ട് തസ്തികയിലെ നിയമനാധികാരിയും പൊതു വിദ്യാഭ്യാസ ഡയറക്ടറാണെന്നിരിക്കെ ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് പൊതുവിദ്യാഭ്യാസ ഡയറക്ടറാണ്.

14) കുറ്റാരോപിതർക്ക് സ്ഥാനക്കയറ്റം ലഭിച്ചതായി ടിയാൻ പരാമർശിക്കുന്ന 6 ജീവനക്കാരിൽ ശ്രീമതി രജി ഒഴികെയുള്ളവർക്കെല്ലാം കുറ്റപത്രം നൽകുന്നതിനു മുൻപുള്ള തീയതികളിലാണ് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളത്. കുറ്റപത്രം നൽകിയതിനുശേഷം ശ്രീമതി. രജിക്ക് സ്ഥാനക്കയറ്റം നൽകിയത് ശരിയായ നടപടിയായി കാണുന്നില്ല. ആയത് പുനഃ പരിശോധിക്കേണ്ടതുണ്ട്.

15) മേൽ സാഹചര്യത്തിൽ, ശ്രീ. ദിലീപ് ചന്ദ്രൻ. ആർ.നെതിരെ ആരംഭിച്ച അച്ചടക്ക നടപടി, കെ.സി.എസ്(സി.സി&എ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് 2 മാസത്തിനകം പൂർത്തീകരിക്കുന്നതിനും, അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറയ്ക്ക് കെ.എസ്.ആർ. ഭാഗം I ചട്ടം 56 അനുശാസിക്കുന്ന പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് വേലവിലക്ക് കാലയളവ് ക്രമപ്പെടുത്തുന്നതിനും, അച്ചടക്ക നടപടിയുടെ തീർപ്പിനു വിധേയമായി ടിയാളുടെ സ്ഥാനക്കയറ്റം സംബന്ധിച്ച അപേക്ഷയിൽ തീരുമാനം കൈക്കൊള്ളുന്നതിനും പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു. കൂടാതെ ശ്രീമതി രജിക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി പുനഃപരിശോധിക്കുവാനും നിർദ്ദേശിക്കുന്നു.

16) ശ്രീ ദിലീപ് ചന്ദ്രൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 338/2026-ലെ പരാമർശം(5) ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. ദിലീപ് ചന്ദ്രൻ ആർ., നൂൺ മീൽ ഓഫീസർ, എ ഇ  ഒ ഓഫീസ് ആറ്റിങ്ങൽ
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ& ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് **(DA1/56/2026)**

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 21-05-2026 10:54:40
സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി. എ.യ്ക്ക്